കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
നാളന്ദ, തിരുവനന്തപുരം 695003
ഫോൺ: 0471 2316306

നമ്പർ: ഇ2/667/2019/സിൽ 30.04.2019

## ക്വട്ടേഷൻ നോട്ടീസ്

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിൽ പ്രവർത്തിക്കുന്ന വി.എം.പി യിൽ 2019-20 സാമ്പത്തിക വർഷത്തിൽ ആവശ്യമായ അച്ചടി സാധനങ്ങൾ ലഭ്യമാക്കുന്നതിന്റെ നിരക്കുകൾ അറിയിക്കുന്നതിന് താൽപ്പര്യമുള്ള സ്ഥാപനങ്ങളിൽ നിന്നും താഴെ പ്രതിപാദിക്കുന്ന നിബന്ധനകൾക്ക് വിധേയമായി മുദ്ര വെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

1) a) **SPL Book Black Huber** - **250 kg**

b) **Econowash KR** - **100 Ltr**

c) **Hotmelt Henkle 4533 (Side Glue)** - **60 kg**

d) **Quick lock Hotmelt /Technomelt 4503** - **400 kg**

മേൽപ്പറഞ്ഞ നാല് ഇനം അച്ചടി സാധനങ്ങളാണ് വിജ്ഞാനമുദ്രണം പ്രസ്സിൽ ലഭ്യമാക്കേണ്ടതാണ്.

2) മേൽപ്പറഞ്ഞിരിക്കുന്ന നാലിനം സാധനങ്ങളുടെയും യൂണിറ്റ് അളവുകളുടെ നിരക്ക് ക്വട്ടേഷനിൽ ഇനം തിരിച്ച് രേഖപ്പെടുത്തണം. ഇൻസ്റ്റിറ്റ്യൂട്ടിൽ അച്ചടി സാധനങ്ങൾ എത്തിക്കുന്നതടക്കവും ജി.എസ്.ടി യും ഉൾപ്പെടെയുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്.

3) ക്വട്ടേഷൻ അംഗീകരിച്ച് താങ്കളുടെ സ്ഥാപനത്തെ ചുമതലപ്പെടുത്തുന്ന പക്ഷം സമയബന്ധിതമായി വിജ്ഞാനമുദ്രണം പ്രസ്സിൽ ഗുണനിലവാരമുള്ള അച്ചടി സാധനങ്ങൾ സുരക്ഷിതമായി എത്തിക്കേണ്ടതാണ്.

4) ക്വട്ടേഷൻ നിരക്ക് അംഗീകരിച്ചതിനുശേഷം സമയബന്ധിതമായി വി.എം.പി യിൽ അച്ചടി സാധനങ്ങൾ ലഭ്യമാക്കാത്ത പക്ഷം ബന്ധപ്പെട്ടവർക്ക് നൽകിയ ഓർഡർ നിരുപാധികം റദ്ദ് ചെയ്യുന്നതായിരിക്കും

5) ലഭ്യമാക്കിയ അച്ചടി സാധനങ്ങളുടെ ഗുണനിലവാരം തൃപ്തികരമാണെന്നുള്ള മാനേജർ ഇൻ-ചാർജിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതാണ്.

6) ക്വട്ടേഷൻ യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനുള്ള അധികാരം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും

| | | |
|---|---|---|
| ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി | : | **13.05.2019 വൈകുന്നേരം 5 മണിക്ക്** |
| ക്വട്ടേഷൻ തുറക്കുന്ന തീയതി | : | **14.05.2019, ഉച്ചയ്ക്ക് 12.00 മണിയ്ക്ക്** |
| ക്വട്ടേഷൻ തുറക്കുന്ന സ്ഥലം | : | അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ചേംബർ |

പ്രൊഫ. വി. കാർത്തികേയൻ നായർ
ഡയറക്ടർ

പകർപ്പ്: ബന്ധപ്പെട്ട് സ്ഥാപനങ്ങൾ/ടൈംകീപ്പർ/
മാനേജർ ഇൻ-ചാർജ്/സ്റ്റോർ കീപ്പർ/
നോട്ടീസ് ബോർഡ് (സിൽ, വി.എം.പി)/
ഇൻസ്റ്റിറ്റ്യൂട്ട് വെബ്സൈറ്റ്/കോർപ്പറേഷൻ ഓഫീസ്
(നോട്ടീസ് ബോർഡ്)/സ്റ്റോക്ക് ഫയൽ